## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 783** **01.03.2017-ൽ മറുപടിയ്ക്ക്**

### കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന കോളനികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിൽ എസ്.സി. എസ്.ടി. വകുപ്പിന്റെ കീഴിൽ നിർമ്മിക്കുന്ന കോളനികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | എ) | എസ്.സി എസ്.ടി വകുപ്പുകൾക്ക് കീഴിൽ പുതുതായി കോളനികൾ നിർമ്മിക്കുന്നില്ല. കാസർഗോഡ് നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ അംബേദ്കർ കോളനി വികസന പദ്ധതിയിൽ നവീകരിക്കുന്ന കോളനിയാണ് കാസറഗോഡ് മുൻസിപ്പാലിറ്റിയിലെ അമൈകോളനി.<br>കാസർഗോഡ് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഊര് വികസന പദ്ധതിയിൻ കീഴിൽ നവീകരിക്കുന്ന കോളനിയാണ് കാറഡ്ക്ക ഗ്രാമപഞ്ചായത്തിലെ മായിലാംകോട്ട കോളനി. |
| ബി) | പ്രസ്തുത കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അനുവദിച്ച തുക എത്രയാണ് ; ഓരോ കോളനിയിലും എപ്പോഴാണ് പണി | ബി) | അമൈകോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഒന്നാം ഗഡുവായി 25 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ എഫ്.ഐ.ടി |

| | | | |
|---|---|---|---|
| | തുടങ്ങിയതെന്നും പൂർത്തീകരിച്ചതെന്നും വ്യക്തമാക്കാമോ; പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണ് ; | | കൈപ്പറ്റിയിട്ടുണ്ട്. 2013-ൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും ഏജൻസിയായ എഫ്.ഐ.ടി കാര്യക്ഷമമായി പ്രവൃത്തി നിർവ്വഹണം നടത്താത്തതിനാലാണ് പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നത്. മായിലാംകോട്ട പട്ടികവർഗ്ഗ കോളനിയുടെ വികസനത്തിനായി 2013-14 സാമ്പത്തിക വർഷം ഒരു കോടി രൂപ വകയിരുത്തിയതിൽ 28,37,500/-രൂപ നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. 2013 ഡിസംബറിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 5 പുതിയ ഭവനനിർമ്മാണം, 4 വീടുകളുടെ റിപ്പയർ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നിവയായിരുന്നു പദ്ധതിയിലുൾപ്പെടുത്തിയിരുന്നത്. ആയതിൽ ഭവനനിർമ്മാണവും ഭവന പുനരുദ്ധാരണവും പൂർത്തിയായിട്ടുണ്ട്. സ്ഥലം ലഭിക്കാത്തതു കാരണം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| സി) | ഓരോ കോളനിയുടെയും നിർമ്മാണ കാലാവധി എത്രയാണെന്നും കരാറുകാർ ആരാണെന്നും വ്യക്തമാക്കാമോ ? | സി) | അമ്മൈകോളനിയിലെ പദ്ധതി കാലാവധി ആറുമാസമാണ്. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.ഐ.ടി) എന്ന സ്ഥാപനമാണ് കരാർ വച്ചിരിക്കുന്നത്. കാസർഗോഡ് ജില്ലാ നിർമ്മിതികേന്ദ്രയാണ് മായിലാംകോട്ട പട്ടികവർഗ്ഗ കോളനിയുടെ നിർവ്വഹണ ഏജൻസി. നിർവ്വഹണ കരാർ കാലാവധി 2015 മാർച്ച് 31 ആയിരുന്നു. |

സെക്ഷൻ ഓഫീസർ